**കേരള സർക്കാർ**

**സംഗ്രഹം**

**തദ്ദേശസ്വയംഭരണ വകുപ്പ് - തൃശ്ശൂർ ജില്ല-കഴൂർ ഗ്രാമ പഞ്ചായത്ത് - പെയിൻ ആന്റ് പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾക്ക് സൗജന്യമായി ലഭിച്ച ആംബുലൻസ് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ രജിസ്റ്റർ ചെയ്യുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

**തദ്ദേശസ്വയംഭരണ(ഡി.ബി)വകുപ്പ്**

**സ.ഉ.(സാധാ) നം.2425/2018/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 14/09/2018**

---

പരാമർശം:- 1 പഞ്ചായത്ത് ഡയറക്ടറുടെ 09/07/2018 ലെ PAN/20487/2018-G1(DP) നമ്പർ കത്ത്

**ഉത്തരവ്**

തൃശ്ശൂർ ജില്ലയിലെ കഴൂർ ഗ്രാമ പഞ്ചായത്തിന്റെ പെയിൻ ആന്റ് പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾക്ക് വാഹനം പ്രത്യേകമായി ഇല്ലാത്തതിനാൽ വാഹനം വാടകയ്ക്ക് എടുത്താണ് ഉപയോഗിച്ചുവരുന്നത്. പഞ്ചായത്ത് ഫണ്ടിൽ നിന്നും നിലവിലെ സാമ്പത്തിക സ്ഥിതിയിൽ പുതിയൊരു വാഹനം വാങ്ങുന്നത് അസാധ്യമായതിനാൽ കഴൂർ പഞ്ചായത്ത് പ്രസിഡന്റിന്റെ അപേക്ഷ പ്രകാരം KSDML CONTROLS LIMITED എന്ന സ്ഥാപനം ഉപാധിരഹിതമായി പഞ്ചായത്തിന്റെ പെയിൻ ആന്റ് പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾക്ക് നൽകിയ ഒരു ആംബുലൻസ് നൽകിയിട്ടുണ്ട്. വാഹനത്തിന്റെ രജിസ്ട്രേഷൻ ഫീസ്, ഇൻഷുറൻസ്, ഇന്ധനം, ഡ്രൈവറുടെ ശമ്പളം, മറ്റ് അനുബന്ധ ചെലവുകൾ എന്നിവ ഹോസ്പിറ്റൽ മാനേജ്മെന്റ് ഫണ്ടിൽ നിന്നും ചെലവഴിക്കാനും തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത ആംബുലൻസ് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ രജിസ്റ്റർ ചെയ്യുന്നതിനുള്ള അനുവാദം നൽകണമെന്ന കഴൂർ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ അപേക്ഷ പഞ്ചായത്ത് ഡയറക്ടർ പരാമർശ കത്ത് പ്രകാരം ശുപാർശ ചെയ്തിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തൃശ്ശൂർ ജില്ലയിലെ കഴൂർ ഗ്രാമ പഞ്ചായത്തിന്റെ പെയിൻ ആന്റ് പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾക്ക് KSDML CONTROLS LIMITED എന്ന സ്ഥാപനം ഉപാധിരഹിതമായി നൽകിയ ആംബുലൻസ് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ രജിസ്റ്റർ ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**പാറ്റ്സി സ്റ്റീഫന്**

**ജോയിന്റ് സെക്രട്ടറി**

പകർപ്പ്
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, സംസ്ഥാന ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം
അക്കൗണ്ടന്റ്ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
സെക്രട്ടറി, കഴൂർ ഗ്രാമപഞ്ചായത്ത്, തൃശ്ശൂർ ജില്ല
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

---

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ